# കേരള സർവകലാശാല

നം.പി.ആർ.148/2018 ഫോൺ : 2305738

## ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് ജൂലൈ നാലിന്.

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ 04.07.2018-ന് പ്രസിദ്ധപ്പെടുത്തും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതു വരെയും ഒരു കോളേജുകളിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നവർ യൂണിവേഴ്സിറ്റി ഫീസ് ഓൺലൈൻ വഴിയോ ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ അടയ്ക്കേണ്ടതാണ്. യൂണിവേഴ്സിറ്റി ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. ഇപ്രകാരം യൂണിവേഴ്സിറ്റി ഫീസ് അടച്ചവർ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം കോളേജിൽ പ്രവേശനം നേടിയവർ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേയ്ക്ക് നാലാം അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചാൽ വീണ്ടും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. അങ്ങനെയുള്ളവർ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് ടി.സി. വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ വീണ്ടും യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കേണ്ടതില്ല.

2018 ജൂലൈ 05 മുതൽ ജൂലൈ 07 വരെ യാണ് കോളേജുകളിൽ പ്രവേശനം നേടേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസൽ) സഹിതം മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടു

ക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.

പ്രവേശന സമയത്ത് ഹാജരാകാനുള്ള രേഖകൾ മുൻകൂട്ടി തയ്യാറാക്കി വെയ്ക്കണം എന്നറിയിക്കുന്നു. രേഖകൾ ഹാജരാക്കാൻ അധിക സമയം അനുവദിക്കുന്നതല്ല.

നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജും,കോഴ്സും തൃപ്തികരമല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം തേടേണ്ടതാണ്

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

<u>പി.എച്ച്.ഡി. രജിസ്ട്രേഷൻ – ജൂലൈ 2018 സെഷൻ</u>

ജൂലൈ 2018 സെഷൻ പി.എച്ച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. 2018 ജൂലൈ 2 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ടീച്ചിംഗ് ഡിപ്പാർട്ടുമെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജൂലൈ 16 ന് 5.00 മണിക്ക് മുൻപായി രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്.

## <u>പരീക്ഷാഫലങ്ങൾ</u>

മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ ജൂലൈ 2017, സപ്ലിമെന്ററി (2008 സ്കീം) പരീക്ഷാഫലം ജൂൺ 30 ന് പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 18. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2015 അഡ്മിഷൻ റെഗുലർ, 2014&2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 23.

2017 സെപ്തംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി-ടെക് പാർട്ട്-ടൈം റീസ്ട്രക്ചേർഡ് (2008 സ്കീം), 2017 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ്, 2017 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് എന്നിവയുടെ പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ഏപ്രിലിൽ നടത്തിയ സി.എസ്.എസ് 2016–2018 ബാച്ച് പരീക്ഷകളുടെ ഫലങ്ങൾ എം.എസ്.സി ബയോ-ടെക്നോളജി ഒന്നാം റാങ്ക് സ്മൃതി സനിൽ (രജി.നം.81416602010). എം.എസ്.സി എൻവയോൺമെന്റൽ സയൻസസ് ഒന്നാം റാങ്ക് ലക്ഷ്മി ആർ (രജി.നം.82616610006). എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് ഒന്നാം റാങ്ക് അഞ്ജന ബെൻസ് (രജി.നം.84716615004). എം.എഡ് ഒന്നാം റാങ്ക് ഗീതു ദിനേശ് (രജി.നം.82516636007). എം.എൽ.ഐ.സി ഒന്നാം റാങ്ക് ഷിബിൻ എസ്.ബി (രജി.നം.83416638013). വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ

2018 ആഗസ്റ്റ് 1 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ 11 വരെയും 50 രൂപ പിഴയോട് കൂടി ജൂലൈ 13 വരെയും 125 രൂപ പിഴയോടു കൂടി ജൂലൈ 16 വരെയും അപേക്ഷിക്കാം.

2018 ജൂലൈ മാസം വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.കോം ഡിഗ്രി, ബി.എ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 10 വരെയും, 50 രൂപ പിഴയോടെ 13 വരെയും, 125 രൂപ പിഴയോടെ 17 വരെയും ഓൺലൈനായി **www.de.keralauniversity.ac.in** എന്ന വെബ്സൈറ്റ് വഴി ജൂലൈ 3 മുതൽ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

ജൂലൈ 12 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് 2008 സ്കീം ജൂലൈ/ആഗസ്റ്റ് 2018 പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

## ഹാൾ ടിക്കറ്റ്

കാട്ടാക്കട, കണ്ടല പങ്കജകസ്തൂരി കോളേജ് സെന്ററായി ആറ്, ഏഴ് സെമസ്റ്റർ 2008 സ്കീം ബി.ടെക് സപ്ലിമെന്ററി ജൂലൈ 2018 പരീക്ഷകൾ എഴുതേണ്ട വിദ്യാർത്ഥികൾ നരുവാമൂട് ട്രിനിറ്റി എൻജിനീയറിംഗ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് കൈപ്പറ്റി അവിടെ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം.



02.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**